


# ആശ്രയമേകി ബഡ്സ് സ്ഥാപനങ്ങൾ



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ചുകൊണ്ട് കുടുംബശ്രീ നടപ്പാക്കുന്ന ഒരു സുപ്രധാന പദ്ധതിയാണ് ബഡ്സ് (BUDS) സ്ഥാപനങ്ങൾ. ബുദ്ധിപരമായ ബലഹീനതകൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ, തൊഴിൽ പരിശീലന കേന്ദ്രങ്ങളാണിവ. കുട്ടികൾ മുഴുവൻ സമയവും വീട്ടിൽത്തന്നെയിരിക്കുമ്പോൾ മാതാപിതാക്കൾക്ക് തൊഴിൽ ചെയ്യാൻ പുറത്തേക്ക് പോകാൻ പറ്റാത്ത അവസ്ഥ വരികയും കുടുംബം ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് വീണുപോകുകയും ചെയ്യും. കുട്ടികളെ പകൽ സമയത്ത് പഠിപ്പിച്ചും പരിചരിച്ചും ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ബഡ്സ് സ്ഥാപനങ്ങൾക്കുള്ളത്. പതിനെട്ടു വയസിനു താഴെയുള്ളവർക്കായി ബഡ്സ് സ്പെഷ്യൽ സ്കൂളുകളും, പതിനെട്ടു വയസിനു മുകളിലുള്ളവർക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും (ബി.ആർ.സി) പ്രവർത്തിക്കുന്നു.



2018-19 സാമ്പത്തികവർഷത്തിൽ 200 പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കാനായി സർക്കാർ ഫണ്ട് നൽകിയിരുന്നു. ഇതിനായി 200 തദ്ദേശ സ്ഥാപനങ്ങൾക്ക് 25 ലക്ഷം രൂപ വീതം നൽകുന്ന പ്രവർത്തനമാണ് ഇപ്പോൾ പ്രധാനമായി നടത്തിവരുന്നത്. ഇതിൽ 72 സ്ഥാപനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നിലവിൽ പ്രവർത്തിച്ചുവന്നിരുന്ന 181 സ്ഥാപനങ്ങൾക്കൊപ്പം ഈ 72 സ്ഥാപനങ്ങൾ കൂടിച്ചേരുമ്പോൾ ആകെ 253 ബഡ്സ് സ്ഥാപനങ്ങൾ ഇപ്പോഴുണ്ട്. ഈ സ്ഥാപനങ്ങളിലായി ഏഴായിരം കുട്ടികൾ പഠനപരിശീലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. കുടുംബശ്രീയുടെ സാമൂഹ്യ ഇടപെടലുകളിൽ ഏറ്റവും ശക്തമായ പ്രവർത്തനങ്ങളിലൊന്നാണ് ബഡ്സ് സ്ഥാപനങ്ങൾ. 2019-2020 ബജറ്റിൽ 100 പുതിയ ബഡ്സ് സ്ഥാപനങ്ങൾ കൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതും കൂടി ച്ചേരുമ്പോൾ കേരളത്തിന്റെ വിവിധ ജില്ലകളിലായി 481 ബഡ്സ് സ്ഥാപനങ്ങളാകുമെന്ന് ചുരുക്കം.

കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നയപരമായ പല തീരുമാനങ്ങളും ബഡ്സ് സ്ഥാപനങ്ങളുടെ പുരോഗതിക്കായി സ്വീകരിച്ചു. 200 പുതിയ സ്ഥാപനങ്ങൾ തുടങ്ങാനുള്ള അനുമതിയും ഒരു സ്ഥാപനത്തിന് 25 ലക്ഷം രൂപ നൽകാനുള്ള തുക ലഭ്യമാക്കിയതുമാണ് ഇതിൽ പ്രധാനം. ഇനിയും ബഡ്സ് സ്ഥാപനങ്ങൾ ആവശ്യമുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് അത് അനുവദിക്കുന്നതും പരിഗണിക്കാൻ കഴിയും.

സ്കൂളിലെ കുട്ടികൾക്കായി പൂർണ്ണമായ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന അധ്യാപകരും ജീവനക്കാരുമാണ് ബഡ്സ് സ്ഥാപനങ്ങളുടെ നട്ടെല്ല്. ഇവർക്ക് തുടർപരിശീലനങ്ങൾ നൽകാൻ കുടുംബശ്രീ പ്രത്യേക ശ്രദ്ധ നൽകുന്നു. ബഡ്സ് സ്ഥാപനങ്ങൾക്കായി പ്രത്യേക കലോത്സവം കഴിഞ്ഞ മൂന്നു വർഷമായി നടത്തിവരുന്നു. ഈ പുതിയ തുടക്കം കുട്ടികളിൽ ശ്രദ്ധേയമായ മാറ്റങ്ങളാണുണ്ടാക്കിയത്. ബഡ്സ് സ്ഥാപനങ്ങളിൽ ചേർന്നിട്ടുള്ള എല്ലാവരെയും നിരാമയ ആരോഗ്യ ഇൻഷുറൻസിൽ അംഗങ്ങളാക്കിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്കും അമ്മമാർക്കും ഉപജീവന പരിശീലനങ്ങൾ നൽകാനും അവസരങ്ങൾ ഒരുക്കിയെടുക്കാനുമൊക്കെ കുടുംബശ്രീയുടെ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും കൃഷി ചെയ്യാൻ കുട്ടികളെ പ്രേരിപ്പിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിച്ചും പരിചരണവും തെറാപ്പിയുമെല്ലാം മെച്ചപ്പെടുത്താൻ കൂടുതൽ യത്നിച്ചും ഞങ്ങളുടെ കഴിവിന്റെ പരമാവധി ചെയ്യാൻ കുടുംബശ്രീ ടീം പ്രതിജ്ഞാബദ്ധരാണ്. ■